04250

CP 6

OFFICE OF THE REGISTRAR OF CO-OPERATIVE SOCIETIES * THIRUVANANTHAPURAM *
21 JAN 2014

കേരള സർക്കാർ

**സംഗ്രഹം**

സഹകരണ വകുപ്പ് - 2012-2013 വാർഷിക ബഡ്ജറ്റ് - ഫാർമേഴ്സ് സർവ്വീസ് സെന്റർ പദ്ധതി - ബ്ലോക്ക്തല മോണിറ്ററിംഗ് കമ്മിറ്റി, സംസ്ഥാനതല റിവ്യൂകമ്മിറ്റി എന്നിവ രൂപീകരിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

സഹകരണ (സി) വകുപ്പ്

സ.ഉ.(സാധാ) നം. 51/2014/സഹ. തീയതി, തിരുവനന്തപുരം, 15.01.2014.

---

പരാമർശം:- 1) സഹകരണ സംഘം രജിസ്ട്രാറുടെ 04.08.2012 ലെ സി.പി.(6) 19267/2012 നമ്പർ കത്ത്.

2) 28.01.2013 ലെ സ.ഉ.(സാധാ)44/2013/സഹ നമ്പർ സർക്കാർ ഉത്തരവ്.

3) സഹകരണ സംഘം രജിസ്ട്രാരുടെ 05.11.2013 ലെ സി.പി.(6) 19267/2012 നമ്പർ കത്ത്.

**ഉത്തരവ്**

2012-2013 വാർഷിക ബഡ്ജറ്റിൽ ഉൾപ്പെടുത്തി 'ഫാർമേഴ്സ് സർവ്വീസ് സെന്റർ' പദ്ധതി നടപ്പിലാക്കുന്നതിനുള്ള സർക്കാർ തീരുമാനമനുസരിച്ച് സഹകരണ സംഘം രജിസ്ട്രാർ പരാമർശം (1) പ്രകാരം പ്രോജക്ട് റിപ്പോർട്ട് സമർപ്പിക്കുകയും പരാമർശം (2) പ്രകാരം പ്രസ്തുത പദ്ധതിക്ക് സർക്കാർ ഭരണാനുമതി നൽകുകയും ചെയ്തിരുന്നു.

2) അംഗീകരിച്ച പ്രോജക്ട് റിപ്പോർട്ട് പ്രകാരം തെരഞ്ഞെടുത്ത സഹകരണ സംഘങ്ങളുടെ മേൽനോട്ടത്തിൽ പ്രവർത്തനമാരംഭിക്കുന്ന 'ഫാർമേഴ്സ് സർവ്വീസ് സെന്റർ'-കളുടെ പ്രവർത്തനം വിലയിരുത്തുന്നതിന് ബ്ലോക്ക് തലത്തിലും സംസ്ഥാന തലത്തിലും കമ്മിറ്റികൾ രൂപീകരിക്കണമെന്ന് പരാമർശം (3) പ്രകാരം സഹകരണ സംഘം രജിസ്ട്രാർ അപേക്ഷിച്ചിരുന്നു.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഫാർമേഴ്സ് സർവ്വീസ് സെന്ററുകളുടെ പ്രവർത്തനം വിലയിരുത്തുന്നതിന് താഴെ പറയും പ്രകാരം കമ്മിറ്റികൾ രൂപീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

## I. ബ്ലോക്ക്തല മോണിറ്ററിംഗ് കമ്മിറ്റി

1. പ്രസിഡന്റ്, ബ്ലോക്ക് പഞ്ചായത്ത് - ചെയർമാൻ
2. പ്രസിഡന്റ്, സർവ്വീസ് സഹകരണ ബാങ്ക് - കോ-ചെയർമാൻ
3. പ്രസിഡന്റ്, ഗ്രാമ പഞ്ചായത്ത് - വൈസ് ചെയർമാൻ
4. ബ്ലോക്കിലെ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റുമാർ - അംഗം
5. സർവ്വീസ് സഹകരണ ബാങ്കിലെ ഭരണസമിതിയംഗങ്ങൾ - അംഗം
6. ബ്ലോക്കിലെ മറ്റ് സർവ്വീസ് സഹകരണ ബാങ്കുകളിലെ പ്രസിഡന്റുമാർ - അംഗം
7. കൃഷി അസിസ്റ്റന്റ് ഡയറക്ടർ - അംഗം
8. ബ്ലോക്ക് ഡവലപ്മെന്റ് ഓഫീസർ - അംഗം
9. ബ്ലോക്കിലെ കൃഷി ഭവനുകളിലെ കൃഷി ഓഫീസർമാർ - അംഗം
10. യൂണിറ്റ് ഇൻസ്പെക്ടർ, സർവ്വീസ് സഹകരണ ബാങ്ക് - അംഗം
11. സെക്രട്ടറി, സർവ്വീസ് സഹകരണ സംഘം - അംഗം
12. അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) - കൺവീനർ

## II. സംസ്ഥാനതല റിവ്യൂ കമ്മിറ്റി

സംസ്ഥാനത്തെ ഫാർമേഴ്സ് സർവ്വീസ് സെന്ററുകളുടെ പ്രവർത്തനം നിരീക്ഷിക്കുന്നത് താഴെപ്പറയും പ്രകാരമുള്ള സംസ്ഥാനതല റിവ്യൂ കമ്മിറ്റി ആയിരിക്കും.

1. സെക്രട്ടറി, സഹകരണ വകുപ്പ് - ചെയർമാൻ
2. സഹകരണ സംഘം രജിസ്ട്രാർ - കൺവീനർ
3. കൃഷി ഡയറക്ടർ - അംഗം
4. ആസൂത്രണ ബോർഡ് മേധാവി - അംഗം

5. ഫാർമേഴ്സ് സർവ്വീസ് സെന്ററുകൾ നടപ്പിലാക്കുന്ന പ്രാഥമിക
അഗ്രികൾച്ചറൽ ക്രെഡിറ്റ് സംഘങ്ങളുടെ പ്രസിഡന്റുമാർ - അംഗം

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ഡോ. വി.എം. ഗോപാല മേനോൻ
ഗവൺമെന്റ് സെക്രട്ടറി

1. ആസൂത്രണ ബോർഡ് മേധാവി, തിരുവനന്തപുരം.
2. സഹകരണ സംഘം രജിസ്ട്രാർ, തിരുവനന്തപുരം. (ബന്ധപ്പെട്ടവർക്ക് ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുന്നതിനും സഹകരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനുമായി.)
3. കൃഷി ഡയറക്ടർ, തിരുവനന്തപുരം.
4. കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ